# ജനിതകവൈകല്യ ഭക്ഷ്യോത്പന്നങ്ങൾ നിരോധിക്കണം

സന്ദീപ്




മുതലാളിത്ത രാജ്യങ്ങളിൽ അധിക വിളവിനായി ഉപയോഗിക്കുന്ന ജനിതക വൈകല്യം വരുത്തിയ വിത്തുക്കളിൽ നിന്നുള്ള ഭക്ഷ്യോത്പന്നങ്ങൾ ഇന്ത്യൻ വിപണി കീഴടക്കുന്നു. മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഈ ഉത്പന്നങ്ങൾ വൻതോതിലാണ് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത്. എന്നാൽ വൻലാഭം കൊയ്യാൻ വേണ്ടി മാത്രം വികസിപ്പിച്ചെടുത്ത ജനിതകവൈകല്യമുള്ള വിത്തുകളിൽ നിന്നുള്ള ഭക്ഷ്യോത്പന്നങ്ങൾ മുതലാളിത്ത രാജ്യങ്ങളിൽ വളരെ കുറഞ്ഞ അളവിലെ ഉപയോഗിക്കുന്നുള്ളൂ. ഇവ കഴിക്കുന്നതാകട്ടെ സാമ്പത്തികമായി താഴെ തട്ടിലുള്ള വരും.

1989ൽ പാസാക്കിയ നിയമമനുസരിച്ച് ജനിതകവൈകല്യ ഭക്ഷ്യോത്പന്നങ്ങളെ സ്ഥിരമായി ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിരുന്നുവെങ്കിലും 1999 മുതൽതന്നെ ഈ ഉത്പന്നങ്ങൾ ഇന്ത്യയിലേക്ക് കുറഞ്ഞ അളവിൽ ഇറക്കുമതി ചെയ്തിരുന്നു. 2007ൽ ഇവക്ക് നിയന്ത്രണം ഒഴിവാക്കിക്കൊണ്ടുള്ള കേന്ദ്രവനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ വിജ്ഞാപനം വന്നതോടെ ജനിതക വൈകല്യ ഭക്ഷ്യോത്പന്നങ്ങൾ ഇന്ത്യയിലേക്ക് പ്രവഹിച്ചു തുടങ്ങും.

എന്നാൽ 2006 മെയ് 2ന് നടന്ന ജി. ഇ. എ. സി. മീറ്റിങ്ങിൽ ജനിതകവൈകല്യമുള്ള ഭക്ഷ്യോത്പന്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും മറ്റൊരു സംവിധാനം ഉണ്ടാകുന്നതുവരെ നിലവിലുള്ള നിയമത്തിൽ മാറ്റം വരുന്നെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ യാതൊരു മുന്നറിയിപ്പോ പകരം സംവിധാനമോ ഏർപ്പെടുത്താതെയാണ് കേന്ദ്രസർക്കാർ 1989ൽ നിയമത്തിന് ഭേദഗതി വരുത്തിയത്.

1996 മുതൽ 2005 വരെ 5മില്യൺ ഡോളർ വിലവരുന്ന സോയാ പ്രോട്ടീനാണ് ഇന്ത്യ അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്തത്. ഇക്കാലയളവിലാണ് അമേരിക്കയിൽ വൻതോതിൽ ജനിതക വൈകല്യമുള്ള വിത്തുകൾ കൃഷി ചെയ്തു തുടങ്ങിയത്.

അർജന്റീന, ബ്രസീൽ, അമേരിക്ക എന്നീ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിപ്പോൾ രണ്ടുമില്യൺ ടൺ സോയാബീൻ എണ്ണ ഇറക്കുമതി ചെയ്യുന്നുണ്ട്. ഇതിലേറെയും ജനിതകവൈകല്യ ധാന്യങ്ങളിൽ നിന്നുള്ളവയാണ്. ഇതിനു പുറമെ കാനഡയിൽ കനോല എണ്ണയും ഇറക്കുമതി ചെയ്യുന്നുണ്ട്. കാനഡയിൽ 80ശതമാനം കനോലയും ഉത്പാദിപ്പിക്കുന്നത് ജനിതകവൈകല്യവിത്തുകളുപയോഗിച്ചാണ്.

ഇന്ത്യൻ വിപണിയിൽ സുലഭമായ അമേരിക്കൻ ഗാർഡന്റെ കോൺസിറപ്പ്, അമേരിക്കന്റെ ഗാർഡന്റെ റൊട്ടി, കാനഡയിൽ നിന്നുള്ള ഹഡ്സൺ എന്ന അമേരിക്കയിൽനിന്നുള്ള വെസൺ കനോല എണ്ണ മെറിക്കോയുള്ള സോയാ സോസ്, ഗ്രീൻ ജെയ്നിന്റെ സ്വീറ്റ് കോൺ, അമേരിക്കൻ ഗാർഡന്റെ പോപ്പ് കോൺ, മഞ്ച് കിങ്ങിന്റെ കോൺ ചിപ്സ്, പ്രോക്ടർ ആന്റ് ഗാബിളിന്റെ പ്രിംഗിൾ ചിപ്സ് തുടങ്ങിയവയിലൊക്കെ ജനിതകവൈകല്യ പദാർത്ഥങ്ങൾ ചേർന്നിട്ടുണ്ട്. ഏറെ ആശങ്കാജനകമായ കാര്യം കുഞ്ഞുങ്ങൾക്ക് നല്കുന്ന ഭക്ഷ്യപദാർത്ഥങ്ങളിലും ഇവ അടങ്ങിയിട്ടുണ്ടെന്നതാണ്.

ജനിതകവൈകല്യ ഉത്പന്നങ്ങളെയോ അവയുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഇന്ത്യയിൽ ഏറെ പേർക്കും അറിയില്ലയെന്നത് ഏറെ ഖേദകരമാണ്. ഇനി അറിഞ്ഞാൽ തന്നെ ഇപ്പോഴത്തെ അവസ്ഥയിൽ കഴിയുകയുമില്ല. കാരണം ജനിതകവൈകല്യമുള്ള ധാന്യം അടങ്ങിയിട്ടുണ്ടെന്ന് തിരിച്ചറിയാൻ വഴിയില്ല. സൂപ്പർമാർക്കറ്റിൽ നിന്ന് ലഭിക്കുന്ന ഇറക്കുമതി ചെയ്ത പായ്ക്കറ്റിലും ടിന്നിലും ലഭിക്കുന്ന ഭക്ഷ്യോത്പന്നങ്ങൾ മിക്കവാറും ജനിതകവൈകല്യ ധാന്യങ്ങളിൽ നിന്ന് ഉണ്ടാകുന്നതാണെങ്കിലും ലേബലിൽ ഇതേക്കുറിച്ച് രേഖപ്പെടുത്താറില്ല. ലേബലിൽ ഇക്കാര്യം സൂചിപ്പിച്ചാൽ ഉപഭോക്താവിന് ഇവ ഒഴിവാക്കാൻ കഴിയും. ലേബലിൽ ഉത്പന്നത്തിന്റെ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്താതിരിക്കുന്നത് അറിയാനുള്ള അവകാശത്തിന്റെ നിഷേധമാണ്.

ഒരു പൗരനെന്ന നിലയിലും ഉപഭോക്താവ് എന്ന നിലയിലും നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെ അവകാശമാണ്. ഇതിനുവേണ്ടി മുന്നിട്ടിറങ്ങേണ്ടത് നാം തന്നെയാണ്. ഇതിന് തുടക്കമെന്ന നിലയിൽ ആദ്യം വേണ്ടത് സോയാബീനെന്ന കനോലയെന്ന ഇറക്കുമതി ചെയ്ത ഭക്ഷ്യപദാർത്ഥങ്ങൾ എന്നിവയിൽ ജനിതക വൈകല്യപദാർത്ഥങ്ങൾ അടങ്ങിയില്ലായെന്ന് ഉറപ്പു തരും വരെ അവ ബഹിഷ്കരിക്കുകയെന്നതാണ്.